**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 85** **24-02-2022 - ൽ മറുപടിയ്ക്ക്**

**ആദിവാസി മേഖലകളിലെ മദ്യ-മയക്കമരുന്ന് ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. എ . പി . അനിൽ കുമാർ** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പെരിങ്ങമ്മല പഞ്ചായത്തിലെ ആദിവാസി പെൺകുട്ടികളുടെ ആത്മഹത്യയെ കുറിച്ചും അതിനുകാരണമായി കരുതപ്പെടുന്ന മേഖലയിലെ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗത്തെക്കുറിച്ചും അന്വേഷണം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | അന്വേഷണം നടത്തിയിട്ടുണ്ട്. |
| (ബി) | ആദിവാസി മേഖലയിൽ മദ്യത്തിന്റെയും മയക്കുമരുന്നിൻെയും സാന്നിധ്യം കണ്ടെത്തുന്നതിനും ഇത് സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ; | (ബി) | പട്ടികവർഗ്ഗ വികസന വകുപ്പും വനിതാ ശിശു വികസന വകുപ്പും ചേർന്ന് ടി മേഖലയിൽ ബോധവത്ക്കരണ പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. പോലീസ്, എക്സൈസ് ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ഈ മേഖല സന്ദർശിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ ഫലപ്രദമായ ഇടപെടലുകൾ ഉണ്ടാകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും മദ്യം, മയക്കുമരുന്ന് എന്നിവയുടെ ദുരുപയോഗം തടയുന്നതിന് എക്സൈസ് വകുപ്പിന് കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ എക്സൈസ്, പോലീസ്, തദ്ദേശ സ്വയം ഭരണം, വനം, ആരോഗ്യം, വനിതാ ശിശു വികസനം എന്നീ വകുപ്പുകളുടെ സഹായത്തോടുകൂടി സമഗ്രമായ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | എക്സൈസ് വകുപ്പുമായി ചേർന്ന് മദ്യത്തിന്റെയും മയക്കുമരുന്നിൻെയും ഉപയോഗം തടയുന്നതിനായി നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) | നടപടി സ്വീകരിച്ചിട്ടുണ്ട്. മദ്യത്തിന്റെയും, മയക്കുമരുന്നിന്റെയും ഉപയോഗം തടയുന്നതിനായി എക്സൈസ് വകുപ്പ് ഓരോ മേഖലയിലേയും എസ്.റ്റി പ്രമോട്ടർമാരുമായി സമഗ്ര ചർച്ച നടത്തുകയും പ്രൊമോട്ടർമാരിൽ നിന്നും ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ പ്രശ്ന ബാധിത ഊരുകളിൽ മദ്യം, മയക്കുമരുന്ന് ഇവയുടെ ദുരുപയോഗം തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യങ്ങൾ കൃത്യമായ ഇടവേളകളിൽ വിവിധ |

| | | | |
|---|---|---|---|
| | | | വകുപ്പുകൾ സംയുക്തമായി യോഗം ചേർന്ന് അവലോകനം നടത്തുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ സാമൂഹ്യ നീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നാഷണൽ ആക്ഷൻ പ്ലാൻ ഫോർ ഡ്രഗ് ഡിമാന്റ് റിഡക്ഷൻ (NAPDDR) എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ